**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2284** **06-07-2022 - ൽ മറുപടിയ്ക്ക്**

**ലൈഫ് പദ്ധതി 2020 രണ്ടാംഘട്ട ഗുണഭോക്തൃ പട്ടിക**

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">ഉത്തരം</th></tr>
<tr><td colspan="2">ശ്രീ. പി.വി.അൻവർ</td><td colspan="2">ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)</td></tr>
<tr><td>(എ)</td><td>ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കൾക്ക് മുൻഗണന നിശ്ചയിക്കുന്നതിന്റെ അർഹതാ മാനദണ്ഡങ്ങളും പ്രത്യേകം പരിഗണിക്കുന്ന ക്ലേശഘടകങ്ങളും വിശദമാക്കാമോ; ഇവയിൽ കാലാനുസൃതമായ ഭേദഗതികൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;</td><td>(എ)</td><td>സർക്കാരിന്റെ 27.07.2020-ലെ സ.ഉ. (എം.എസ്.) നം. 112/ 2020/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കും ക്ലേശ ഘടകങ്ങൾക്കും വിധേയമായാണ് ലൈഫ് പദ്ധതിയിൽ ഗുണഭോക്താക്കളുടെ അർഹത നിർണ്ണയിക്കുന്നതും പ്രത്യേക പരിഗണന നൽകുന്നതും. ടി ഉത്തരവിൽ പ്രതിപാദിക്കുന്ന മാനദണ്ഡങ്ങളും ക്ലേശഘടകങ്ങളും ചുവടെ ചേർക്കുന്നു.<br><br>അർഹതാ മാനദണ്ഡങ്ങൾ<br><br>1. ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടവരെ ഒറ്റ കുടുംബമായി പരിഗണിച്ച് ഒരു ഭവനത്തിന് മാത്രമായി പരിഗണിക്കേണ്ടതാണ്. 2020 ജൂലൈ 1-ന് മുമ്പ് റേഷൻ കാർഡുള്ള കുടുംബം (13.02.2021-ലെ സ.ഉ(ആർ.ടി) നം.419/2021/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം 20.02.2021 വരെ റേഷൻ കാർഡ് ലഭ്യമായവർക്ക് അപേക്ഷിക്കാമെന്ന ഭേദഗതി വരുത്തിയിരുന്നു.) ആ റേഷൻ കാർഡിൽ ഉൾപ്പെട്ട ഒരാൾക്കു പോലും ഭവനം ഇല്ലാത്തവരും ആകണം.<br><br>(പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യതൊഴിലാളി വിഭാഗത്തിന് ബാധകമല്ല)<br><br>2. സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖല സ്ഥാപനങ്ങളിൽ സ്ഥിരജോലിക്കാരോ ഇത്തരം സ്ഥാപനങ്ങളിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവരോ ആയ അംഗങ്ങളുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.<br><br>3. വാർഷിക വരുമാനം മൂന്ന് ലക്ഷത്തിൽ കൂടുതലുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.</td></tr>
</table>

4 ഗ്രാമപഞ്ചായത്തുകളിൽ 25 സെന്റിലോ/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ പ്രദേശത്ത് അഞ്ച് സെന്റിലേറെയോ ഭൂമി സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്. (പട്ടികജാതി/പട്ടികവർഗ്ഗ/മത്സ്യതൊഴിലാളി വിഭാഗത്തിന് ബാധകമല്ല)

5.ഉപജീവനത്തൊഴിൽ ഉപാധിയെന്ന നിലയ്ക്കല്ലാതെ നാല്യചക്രവാഹനം സ്വന്തമായുള്ള കുടുംബങ്ങളെ ഒഴിവാക്കേണ്ടതാണ്.

6. അവകാശികൾക്ക് വസ്തുഭാഗം ചെയ്ത സാഹചര്യത്തിൽ സ്വന്തം പേരിൽ സാങ്കേതികമായി ഭൂമിയില്ല എന്ന കാരണത്താൽ ഭൂരഹിതരായവർ ഒഴിവാക്കപ്പെടേണ്ടതാണ്.

7. ജീർണ്ണിച്ചതും അറ്റകുറ്റപ്പണി നടത്തി വാസയോഗ്യമാക്കാൻ പറ്റാത്തതുമായ ഭവനങ്ങൾ (മൺഭിത്തി/ കൽഭിത്തി, ടാർപ്പോളിൻ, ഷീറ്റ്, തടി എന്നിവ കൊണ്ട് നിർമ്മിച്ച ഭിത്തിയുള്ളതും, ഷീറ്റ്, ഓല എന്നിവയോടുകൂടിയ മേൽക്കൂര ഉള്ളതുമായ ഭവനങ്ങളെ ജീർണ്ണിച്ചതും വാസയോഗ്യമല്ലാത്തതുമായ ഭവനങ്ങൾ എന്ന വിഭാഗത്തിൽ പരിഗണിക്കാം). നിർവ്വഹണ ഉദ്യോഗസ്ഥൻ ആവശ്യപ്പെടുന്നപക്ഷം തദ്ദേശസ്വയംഭരണ സ്ഥാപന എൻജിനീയർ ടി ഭവനത്തിന്റെ വാസയോഗ്യത സംബന്ധിച്ച സാക്ഷ്യപത്രം നൽകേണ്ടതാണ്.

**ഭൂരഹിത ഭവനരഹിതർ**

മുകളിലെ മാനദണ്ഡങ്ങളോടൊപ്പം താഴെപ്പറയുന്ന മാനദണ്ഡം കൂടി പരിഗണിക്കും.

സ്വന്തമായി ഭൂമിയില്ലാത്തവർ/ റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ പേരിൽ ഭൂമിയില്ലാത്തവർ/ റേഷൻ കാർഡിൽ പേരുള്ള കുടുംബാംഗങ്ങളുടെ മൊത്തം പേരിലുംകൂടി 3 സെൻറിൽ കുറവ് ഭൂമി ഉള്ളവർ.

**ക്ലേശ ഘടകങ്ങൾ**

1. മാനസിക വെല്ലുവിളികൾ നേരിടുന്നവരോ/ അന്ധരോ ശാരീരികത്തളർച്ച ബാധിച്ചവരോ ആയ കുടുംബാംഗങ്ങൾ ഉള്ള കുടുംബങ്ങൾ

| | | | |
|---|---|---|---|
| | | | 2. അഗതി /ആശ്രയ പദ്ധതിയിലെ ഗുണഭോക്താക്കൾ<br><br>3. 40% ലേറെ അംഗവൈകല്യമുള്ള അംഗങ്ങൾ ഉള്ള കുടുംബങ്ങൾ .<br><br>4) ഭിന്നലിംഗക്കാർ<br><br>5) ഗുരുതര/മാരക രോഗമുള്ള (കാൻസർ/ ഹൃദ്രോഗം/ കിഡ്നി തകരാറ് മൂലം ഡയാലിസിസിനു വിധേയരാകുന്നവർ/ പക്ഷാഘാതം തുടങ്ങിയവ) അംഗങ്ങളുള്ള കുടുംബങ്ങൾ .<br><br>6) അവിവാഹിതരായ അമ്മമാർ കുടുംബനാഥയായുള്ള കുടുംബങ്ങൾ<br><br>7) രോഗമോ അപകടമോ കാരണം തൊഴിലെടുത്തു ജീവിക്കാനാകാത്ത കുടുംബനാഥരായ കുടുംബങ്ങൾ<br><br>8) വിധവയായ കുടുംബനാഥയും സ്ഥിരവരുമാനമില്ലാത്ത അംഗങ്ങളുമുള്ള കുടുംബങ്ങൾ<br><br>9) എച്ച്.ഐ.വി ബാധിതരായ അംഗങ്ങളുള്ള കുടുംബങ്ങൾ. |
| (ബി) | കുടിലുകളിലും താല്ക്കാലിക ഷെഡ്ഡുകളിലും ഷീറ്റ് വലിച്ചുകെട്ടിയും താമസിക്കുന്നവർ, ലൈഫ് 2020 ഭവന പദ്ധതിയുടെ രണ്ടാംഘട്ട കരട് ഗുണഭോക്തൃപട്ടികയിൽ വളരെ പിറകിലായാണ് ഉൾപ്പെട്ടിരിക്കുന്നത് എന്ന കാര്യം സർക്കാർ ഗൗരവത്തിൽ കാണുമോ; വിശദമാക്കാമോ; | (ബി) | ലൈഫ് 2020-ന്റെ കരട് ഗുണഭോക്തൃ പട്ടികയാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. ഗുണഭോക്തൃ പട്ടികയിന്മേലുള്ള ഒന്നാം ഘട്ട ആക്ഷേപങ്ങളും അപ്പീലുകളും സ്വീകരിക്കാൻ ജൂൺ 17 വരെ അവസരം നൽകിയിരുന്നു. ഈ അപ്പീലുകളിലും ആക്ഷേപങ്ങളിലും നടപടി സ്വീകരിച്ചുകൊണ്ട് ജൂലൈ 1-ന് രണ്ടാം അപ്പീലിനു വേണ്ടിയുള്ള കരട് ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇതിലും ലഭിക്കുന്ന അപ്പീലുകളിലും ആക്ഷേപങ്ങളിലും നടപടി സ്വീകരിച്ചുകൊണ്ട് ആഗസ്റ്റ് 16-നാണ് അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കാൻ ലക്ഷ്യമിടുന്നത്. ലൈഫ് 2020-ന്റെ കരട് ഗുണഭോക്തൃ പട്ടിക കുറ്റമറ്റ രീതിയിൽ തയ്യാറാക്കുന്നതിനാവശ്യമായ അർഹത മാനദണ്ഡങ്ങളും അർഹത പട്ടികയിൽ ഉൾപ്പെടുന്നവരുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നതിനുള്ള ക്ലേശ ഘടകങ്ങളുമാണ് നിശ്ചയിച്ചിട്ടുള്ളത്. അതിൻപ്രകാരം അർഹമായ മുൻഗണനാക്രമം കരട് പട്ടികയിൽ ലഭ്യമായിട്ടില്ലാത്തവർക്ക് ഒന്നും രണ്ടും ഘട്ട അപ്പീലുകളിലൂടെയും ഗ്രാമസഭ/ |

| | | | |
|---|---|---|---|
| | | | വാർഡ്സഭകളിലൂടെയും ആയത് ഉറപ്പുവരുത്താവുന്നതാണ്. മാത്രവുമല്ല അർഹരായ ഒരു ഗുണഭോക്താവും ഗുണഭോക്തൃ പട്ടികയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടില്ലായെന്നും അനർഹരാരും ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെന്നും ഉറപ്പുവരുത്തി പര്യാപ്തമായ സുതാര്യ നടപടിക്രമങ്ങളും ലൈഫ് ഗുണഭോക്തൃ പട്ടിക തയ്യാറാക്കുന്നതിൽ സ്വീകരിച്ചിട്ടുണ്ട്. |
| (സി) | മേൽ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളുടെ അവസ്ഥ പരിഗണിച്ച് അന്തിമ പട്ടിക പ്രസിദ്ധീകരിക്കുമ്പോൾ മുൻഗണനയിൽ മാറ്റം വരുത്തുന്നതിന് തദ്ദേശ സ്ഥാപന ഭരണസമിതികൾക്ക് അധികാരം നൽകുമോ; ഇക്കാര്യത്തിൽ അഭിപ്രായം അറിയിക്കുമോ? | (സി) | 27.07.2020-ലെ സ.ഉ (എം.എസ്) നം. 112/2020/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള മാർഗ്ഗരേഖയ്ക്ക് വിധേയമായി ലൈഫ് 2020 ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നതാണ്.<br><br>ലൈഫ് 2020 പ്രകാരം ലഭിച്ച അപേക്ഷകളുടെ ഗുണഭോക്തൃ പട്ടിക അന്തിമമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സർക്കാരിന്റെ 09.06.2022-ലെ സ.ഉ. (സാധാ) നം. 1423/ 2022/ ത.സ്വ.ഭ.വ, 15.06.2022-ലെ സ.ഉ. (എം.എസ് 123/ 2022/ ത.സ്വ.ഭ.വ, എന്നീ ഉത്തരവുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. അതിൻപ്രകാരമുള്ള നടപടികളിലൂടെ സർക്കാരിന്റെ 27.07.2020-ലെ സ.ഉ. (കൈ) നം. 112/ 2020/ ത.സ്വ.ഭ.വ നമ്പർ ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള മാനദണ്ഡങ്ങളുടേയും ക്ലേശ ഘടകങ്ങളുടേയും അടിസ്ഥാനത്തിലാണ് അന്തിമ ഗുണഭോക്തൃ പട്ടികയിൽ മുൻഗണനാക്രമം നിശ്ചയിക്കപ്പെടുന്നത്. |

സെക്ഷൻ ഓഫീസർ